(ബി) പഞ്ചായത്ത് സെക്രട്ടറി തസ്തിക ഗസറ്റഡ് തസ്തികയായി ഉയർത്തി ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത് വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള പ്രൊമോഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി 13850/10 നമ്പർ കേസിൽ സ്റ്റേ ചെയ്തിട്ടുള്ളതിനാലാണ് ഒഴിവുകൾ നികത്താനാകാത്തത്.

(ബി) ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക ഗസറ്റഡ് തസ്തികയായി ഉയർത്തി ഏകീകരിക്കുന്നത് സംബന്ധിച്ച വിഷയം തസ്വഭവ വകുപ്പിന് ഒരു പൊതു സർവ്വീസ് രൂപവത്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട കമ്മറ്റിയുടെ പരിഗണനയിലാണ്.

എൽ. ഡി. ക്ലർക്കുമാർക്ക് പ്രമോഷൻ നൽകുന്നതിലെ വിവേചനം

153 (6071) ശ്രീ. ജോർജ് മേഴ്സിയർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിലും സംസ്ഥാനത്തെ പഞ്ചായത്തുകളിലും എൽ. ഡി. ക്ലർക്കുമാരെ നിയമിക്കുന്നത് പി.എസ്.സി. യുടെ എൽ.ഡി.ക്ലർക്ക് റാങ്ക് ലിസ്റ്റിൽ നിന്നുമാണോ ;

(ബി) എങ്കിൽ എൽ.ഡി. ക്ലർക്ക് (വിവിധ വകുപ്പുകൾ) ലിസ്റ്റിൽ നിന്നും പഞ്ചായത്തുകളിലേക്ക് എൽ.ഡി.ക്ലർക്ക് നിയമനം തുടങ്ങിയത് എന്നു മുതൽക്കാണെന്ന് അറിയിക്കുമോ ;

(സി) എൽ.ഡി.ക്ലർക്ക് ലിസ്റ്റിൽ നിന്നും പഞ്ചായത്തുകളിലും പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിലും നിയമനം ലഭിക്കുന്നവരോട് പ്രമോഷനിൽ വിവേചനം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിൽ എൽ.ഡി.ക്ലർക്കായി നിയമനം ലഭിക്കുന്നവർക്കും അതേ ലിസ്റ്റിൽ നിന്നും പഞ്ചായത്തുകളിൽ നിയമനം ലഭിക്കുന്നവർക്കും പ്രമോഷൻ ടെസ്റ്റിന്റെയും സീനിയോറിറ്റിയുടെയും മാനദണ്ഡത്തിൽ മാത്രമാണോ പ്രമോഷൻ നൽകുന്നത് എന്ന് അറിയിക്കുമോ ;

(ഇ) ഹെഡ്ക്ലർക്ക് ലിസ്റ്റിൽ നിന്നും സെക്രട്ടറിമാരായി പ്രമോഷൻ നൽകുമ്പോൾ പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിൽ എൽ.ഡി. ക്ലർക്കുമാരായി നിയമനം ലഭിച്ചവരെക്കാളും സീനിയറായി പഞ്ചായത്തുകളിൽ നിയമനം ലഭിച്ചവരെ ഒഴിവാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഒരേ ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്നവരോട് കാണിക്കുന്ന ഈ വിവേചനം അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അതെ.

(ബി) 1992 ഡിസംബർ മുതൽ.

(സി) ഇല്ല.

(ഡി) അതെ.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

പഞ്ചായത്ത് ലൈബ്രേറിയന്മാർ

154 (6072) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിലെ ലൈബ്രേറിയന്മാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ആനുകൂല്യം എത്ര പേർക്ക് ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാരിന്റെ പതിനൊന്നിന പരിപാടി പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിതരായ സാംസ്കാരിക നിലയങ്ങളിലെ 418 ലൈബ്രേറിയൻമാരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) നാനൂറോളം പേർക്ക് ഇതിന്മേലുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള ശുപാർശ പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലെ നിയമനം

155 (6073) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമവികസനവകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേക്കും ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേക്കും ഒരുമിച്ചാണോ പരീക്ഷ നടത്തുന്നത് ; ഈ തസ്തികകളിലേക്ക് എത്ര വർഷത്തിനുശേഷമാണ് പരീക്ഷ നടത്തുന്നത് ; നിലവിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) എങ്കിൽ എത്ര പേർക്ക് നിയമനത്തിനായി ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട് ; ഇതിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചു ; ജോലിയിൽ പ്രവേശിക്കാത്തവരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly